# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 578

29.11.2018 ൽ മറുപടിക്ക്

## വ്യവസായ സൗഹൃദ സമീപന നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.കെ.ബഷീർ :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതിലൂടെ എന്ത് മാറ്റമാണ് പ്രസ്തുത മേഖലയിൽ പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ; | (എ) & (ബി) | സംസ്ഥാനത്ത് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അനുമതികളും സൗകര്യങ്ങളും അതിവേഗവും, അനായാസമായും ലഭ്യമാക്കുന്നതിനു വേണ്ടി വിവിധ വകുപ്പുകളിലായി നിലനിന്നിരുന്ന ഏഴ് നിയമങ്ങൾ (ആക്ട്) ഭേദഗതി വരുത്തിക്കൊണ്ട് ഒരു ഏകീകൃത ആക്ട് "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018" നിലവിൽ വന്നു. കൂടാതെ വിവിധ വകുപ്പുകളിലെ 10 ചട്ടങ്ങൾ ഭേദഗതി വരുത്തിയിട്ടുമുണ്ട്. വ്യവസായം ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും അനുമതികൾ ലഭിക്കുന്നതിന് ഏകജാലക ഓൺലൈൻ സംവിധാനം, സെൽഫ് സർട്ടിഫിക്കേഷൻ, Deemed Approval എന്നിവയും നിലവിൽ വന്നിട്ടുണ്ട്.<br><br>വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറം ഏകീകരിച്ചുകൊണ്ട് ഒരു ഏകീകൃത അപേക്ഷാ ഫോറം (Common Application Form - CAF) മുഖേന അനുമതികൾ കാലതാമസം ഇല്ലാതെ ഓൺലൈൻ |
| (ബി) | പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് ഏകജാലക സംവിധാനം ആരംഭിച്ചിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | സംവിധാനം(K-SWIFT) വഴി ലഭ്യമാക്കുന്നതാണ്. പ്രസ്തുത അപേക്ഷയിന്മേലുള്ള പരിശോധന സമയബന്ധിതമായി നടപ്പാക്കുന്നതിനായി Investment Promotion and Facilitation Cell (IPFC) സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും രൂപീകരിച്ചിട്ടുണ്ട്. അനുമതികൾ ആവശ്യമായ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ടതാണ് പ്രസ്തുത സെൽ. വ്യവസായ പുരോഗതിയിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിങ്ങിൽ സംസ്ഥാനത്തെ ഇന്ത്യയിലെ മറ്റ് മുൻനിര സംസ്ഥാനങ്ങളുടെ ഒപ്പം എത്തിക്കുകയും ഇതിലൂടെ ഒരു നവവ്യവസായ കേരളത്തിന് തുടക്കം കുറിക്കാൻ സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.<br><br>ഏകജാലക ഓൺലൈൻ സംവിധാനം (KSWIFT) സംബന്ധിച്ചുള്ള ട്രയൽ വിജയകരമായി പൂർത്തീകരിച്ചു. ഏകജാലക ഓൺലൈൻ സംവിധാനമായ (KSWIFT) ന്റെ ഔദ്യോഗിക ലോഞ്ചിങ്ങ് 08.01.2019 ൽ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. |
| (സി) | വ്യവസായ വളർച്ചയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) | വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും അത് വഴി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**1. ഇ.ഡി.ക്ലബ്ബ്**<br>യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ |

| | | | |
|---|---|---|---|
| | | | സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചു വരുന്നു. കേരള എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (കീഡ് കളമശ്ശേരി) വഴി ക്ലബ്ബ് അംഗങ്ങൾക്കും കോ-ഓർഡിനേറ്റർമാർക്കും പരിശീലന ശിൽപ്പശാലകൾ നടത്തി വരുന്നു. ഓരോ ജില്ലയിലും മികച്ചനിലയിൽ പ്രവർത്തിക്കുന്ന വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകൾ, പ്രൊഫഷണൽ കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവ കണ്ടെത്തി കലാലയ മേധാവിയുടെ മേൽനോട്ടത്തിൽ വ്യവസായ വികസന ഓഫീസർ മുഖേനയാണ് ഇ.ഡി ക്ലബ്ബുകൾ രൂപീകരിക്കുന്നത്.<br>**2. ഇൻകുബേഷൻ സെന്ററുകൾ :**<br>വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോട് കൂടിയാണ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്. |

| | | | |
|---|---|---|---|
| | | | **3. ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാം:**<br><br>ഒരേ തരത്തിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായമാം വിധത്തിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടുകൂടി എം.എസ്.ഇ-സി.ഡി.പി പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>മേൽ പറഞ്ഞ പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കും പുറമെ വകുപ്പ് വഴി നടപ്പാക്കുന്ന സുപ്രധാന സാമ്പത്തിക സഹായ പദ്ധതിയാണ് സംരംഭക സഹായ പദ്ധതി (ഇ എസ് എസ്). വകുപ്പിൽ നിലവിലുണ്ടായിരുന്ന പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് സംരംഭക സഹായപദ്ധതി നിലവിലുണ്ട്. ഉത്പാദന മേഖലയിലുള്ള എല്ലാ എം.എസ്.എം.ഇ. സംരംഭങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള സഹായത്തിന് അർഹതയുണ്ട്.<br><br>ചെറുകിട വ്യവസായികളെ ആകർഷി-ക്കുന്നതിലേക്കായി- എല്ലാ ജില്ലകളിലും 'Investor's meet' സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്മെന്റ് തുടങ്ങിയവ നടത്തിവരുന്നുണ്ട്. നിക്ഷേപകരുടെ മേളകളിൽ MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ തുടങ്ങിവയും ബ്ലോക്ക് / താലൂക്ക് / മുനിസിപ്പാലിറ്റി / ജില്ലാ തലങ്ങളിൽ നടത്തി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാരിന്റെ വ്യവസായ നയം എന്താണ്; വിശദമാക്കുമോ? | (ഡി) | അഭ്യസ്ഥവിദ്യരായ യുവതയെ തൊഴിലന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുവാൻ പര്യാപ്തമായയും, കേരള സംസ്ഥാനത്തെ മികച്ച വ്യവസായ-വാണിജ്യ കേന്ദ്രമാക്കി മാറ്റിയെടുക്കുവാനും ലക്ഷ്യമിട്ട് 'കേരള - വ്യവസായ വാണിജ്യ നയം-2018' പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത നയത്തിൽ സർക്കാരിന്റെ വീക്ഷണം, ലക്ഷ്യങ്ങൾ, തന്ത്രവും, സമീപനവും തുടങ്ങിയവ വിശദമായി പറഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ